ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 29.07.2026 | പ്രധാന വാർത്തകൾ | TIME : 07.25 AM

1) പരീക്ഷ ക്രമക്കേടുകൾ തടയുന്നതിന് കർശന നടപടികൾ ഉറപ്പുവരുത്തുന്ന പൊതു പരീക്ഷ ഭേദഗതി ബില്ലിന്മേലുള്ള ചർച്ചകൾ ലോകസഭയിൽ ഇന്ന് പുനരാരംഭിക്കും.

**The Lok Sabha will resume the discussion on the Public Examinations (Prevention of Unfair Means) Amendment Bill, 2026 today.**

2) സർക്കാർ നയങ്ങളും തീരുമാനങ്ങളും ജനകേന്ദ്രീകൃതമാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; മന്ത്രാലയങ്ങളും വകുപ്പുകളും തമ്മിൽ ശക്തമായ ഏകോപനത്തിനും ആഹ്വാനം.

**PM Narendra Modi calls for citizen-centric policies; urges stronger coordination across ministries and departments.**

3) ഇന്ത്യൻ വ്യവസായ രംഗത്തിന് ശക്തമായ മുന്നേറ്റം; ജൂൺ മാസത്തിൽ രാജ്യത്തിന്റെ വ്യവസായ ഉൽപ്പാദന സൂചിക 7.3 ശതമാനം വളർച്ച രേഖപ്പെടുത്തി.

**Major boost for Indian Industry: Index of Industrial Production records 7.3% growth in June.**

4) കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത; ഏഴു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

**Isolated heavy rainfall predicted across Kerala; Yellow Alert issued for seven districts today.**

5) കോമൺവെൽത്ത് ഗെയിംസിൽ വിജയ കുതിപ്പ് തുടർന്ന് ഇന്ത്യ; ഭാരോദ്വഹനത്തിൽ ഹർജീന്ദർ കൗറിനും പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിൽ ഗുൽവീർ സിംഗിനും വെള്ളി.

India continues winning streak at Commonwealth games: Harjinder Kaur and Gulveer Singh clinch silver medals.

6) പാക് അധിനിവേശ ജമ്മു കശ്മീരിലെ റാവലക്കോട്ടിൽ പ്രതിഷേധക്കാർക്കുനേരെ പാകിസ്ഥാൻ സുരക്ഷാ സേന നടത്തിയ വെടിവെപ്പിൽ 30 പേർ കൊല്ലപ്പെട്ടു.

30 people Killed in Pakistan occupied J&K in firing on protesters by Pak security forces.

*******************************************

## LS - EXAM BILL

പരീക്ഷ ക്രമക്കേടുകൾ തടയുന്നതിന് കർശന നടപടികൾ ഉറപ്പുവരുത്തുന്ന പൊതു പരീക്ഷ ഭേദഗതി

ബില്ലിന്മേലുള്ള ചർച്ചകൾ ലോകസഭയിൽ ഇന്ന് പുനരാരംഭിക്കും. 2024-ലെ നിയമം ഭേദഗതി ചെയ്യുകൊണ്ടുള്ള ബില്ലിൽ, കുറ്റക്കാർക്ക് 10 വർഷം തടവ്, 10 കോടി രൂപ വരെ പിഴ, സ്വത്ത് കണ്ടുകെട്ടൽ എന്നിങ്ങനെ കർക്കശ ശിക്ഷ വ്യവസ്ഥ ചെയ്യുന്നു. എല്ലാ സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും അതിവേഗ കോടതി സ്ഥാപിക്കുക, രണ്ട് മാസത്തിനകം അന്വേഷണം പൂർത്തിയാക്കുക, വിചാരണ മൂന്ന് മാസത്തിനുള്ളിൽ തീർക്കുക എന്നീ വ്യവസ്ഥകളും ബില്ലിൽ ഉണ്ട്. വിദ്യാർത്ഥികളുടേയും യുവജനങ്ങളുടെയും ക്ഷേമം ഉറപ്പു വരുത്തുന്നതിനുള്ള സർക്കാരിൻറെ പ്രതിജ്ഞാബദ്ധതയാണ് പൊതു പരീക്ഷകളിലെ ക്രമക്കേട് തടയൽ ഭേദഗതി ബില്ലിലൂടെ വ്യക്തമാകുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്രസിംഗ് പറഞ്ഞു. അതേസമയം വിദ്യാർത്ഥികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ കേന്ദ്ര സർക്കാർ പരാജയപ്പെട്ടതായി കോൺഗ്രസ് എം.പി പ്രിയങ്ക ഗാന്ധി കുറ്റപ്പെടുത്തി.

*******************************************

## PM SECRETARY HIGH LEVEL MEET

സർക്കാർനയങ്ങളും തീരുമാനങ്ങളും ജനകേന്ദ്രീകൃതമാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. മന്ത്രാലയങ്ങളും വകുപ്പുകളും തമ്മിൽ ഏകോപനം ശക്തമാക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. സർക്കാർ സെക്രട്ടറിമാരുമായുള്ള രണ്ടാമത് ഉന്നതതല യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഇന്നലെ നടന്ന യോത്തിൽ ധനകാര്യം-സാമ്പത്തികം, വാണിജ്യ-വ്യവസായം, സാങ്കേതികവിദ്യ എന്നീ മേഖലകൾ കൈകാര്യം ചെയ്യുന്ന മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും ഭാവി പദ്ധതികൾ അദ്ദേഹം അവലോകനം ചെയ്തു.

*******************************************

## INDIA-SUPPLIERS OF SEAFARERS:

ആഗോള ഷിപ്പിംഗ് മേഖലയിൽ കൂടുതൽ നാവികരെ സംഭാവന ചെയ്യുന്ന ലോകത്തിലെ രണ്ടാമത്തെ വലിയ രാജ്യമായി ഇന്ത്യ. ആഗോള നാവിക തൊഴിൽ സേനയുടെ 12.16 ശതമാനവും ഇന്ത്യയിൽ നിന്നുള്ളവരാണെന്ന് BIMCO-ICS സീഫെയറർ വർക്ക്ഫോഴ്സ് റിപ്പോർട്ട് 2026 കണക്കാക്കുന്നു. ഫിലിപ്പീയൻസാണ് ഒന്നാംസ്ഥാനത്ത്. 2015-ൽ, ആഗോള നാവികരിൽ 5.2 ശതമാനം മാത്രമായിരുന്നു ഇന്ത്യയുടെ സംഭാവന.

*******************************************

## INDUSTRIAL PRODUCTION

രാജ്യത്തെ വ്യാവസായിക ഉൽപ്പാദനം ഈ വർഷം ജൂണിൽ 7.3 ശതമാനം വർധിച്ചതായി , വ്യവസായ ഉൽപ്പാദന സൂചിക. കഴിഞ്ഞ 23 മാസത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. ഉൽപ്പാദന മേഖല 7.8 ശതമാനവും, വൈദ്യുതി, ഗ്യാസ് വിതരണ മേഖല 10.6 ശതമാനവും വളർച്ച കൈവരിച്ചു.

*******************************************

## MEA BRIEFING (INTRO)

ഒഡേസ തുറമുഖത്ത് വെച്ച് MV AGN Ragnar എന്ന കപ്പലിനുനേരെയുണ്ടായ ആക്രമണത്തിൽ കാണാതായ രണ്ട് ഇന്ത്യൻ പൗരന്മാർക്കായുള്ള തിരച്ചിൽ ഊർജ്ജിതമാക്കിയതായി വിദേശകാര്യ മന്ത്രാലയം. കപ്പലിലുണ്ടായിരുന്ന മറ്റ് രണ്ട് ഇന്ത്യക്കാർ സുരക്ഷിതരാണെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. പാകിസ്ഥാൻ കൈവശം വെച്ചിരിക്കുന്ന ജമ്മു കശ്മീർ മേഖലയിൽ തിരഞ്ഞെടുപ്പ് നടത്താനുള്ള നീക്കം അധിനിവേശം മറച്ചുവെക്കാനുള്ള ശ്രമമാണെന്നും അദ്ദേഹം പറഞ്ഞു.

ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിൽ മോശം പശ്ചാത്തലമുള്ള പാകിസ്ഥാന്റെ അവകാശവാദങ്ങൾ വ്യാജവും അർത്ഥശൂന്യവുമാണെന്നും ശ്രീ ജയ്സ്വാൾ കുറ്റപ്പെടുത്തി.

(ഹോൾഡ്.........)

*******************************************

## POJK-30 PEOPLE KILLED

പാക് അധിനിവേശ ജമ്മു കശ്മീരിലെ റാവലക്കോട്ടിൽ പ്രതിഷേധക്കാർക്കുനേരെ പാകിസ്ഥാൻ സുരക്ഷാ സേന നടത്തിയ വെടിവെപ്പിൽ 30 പേർ കൊല്ലപ്പെട്ടു. നിരവധി പേർക്ക് പരിക്കേറ്റു. 'ജോയിന്റ് അവാമി ആക്ഷൻ കമ്മിറ്റി സംഘടിപ്പിച്ച ലോംഗ് മാർച്ചിനിടെയാണ് അക്രമസംഭവങ്ങൾഅരങ്ങേറിയത്. അതേസമയം പ്രതിഷേധക്കാർക്ക് നേരെ മാരക ആയുധങ്ങൾ ഉപയോഗിച്ചെന്ന റിപ്പോർട്ടുകളിൽ സ്വതന്ത്രവും സുതാര്യവുമായ അന്വേഷണം നടത്തണമെന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനയായ ആംനസ്റ്റി ഇന്റർനാഷണൽ ആവശ്യപ്പെട്ടു. മേഖലയിലെ മൊബൈൽ, ഇന്റർനെറ്റ് ആശയവിനിമയ സംവിധാനങ്ങൾ ഉടൻ പുനഃസ്ഥാപിക്കണമെന്നും മാധ്യമങ്ങൾക്കും സ്വതന്ത്ര നിരീക്ഷകർക്കും പ്രവേശനം

അനുവദിക്കണമെന്നും സംഘടന പാക് ഭരണകൂടത്തോട് ആവശ്യപ്പെട്ടു.

*******************************************

## DRDO– CYBERSECURITY BREACH

ഡി.ആർ.ഡി.ഒ സംവിധാനങ്ങൾക്ക് നേരെ സൈബർ ആക്രമണം നടന്നുവെന്ന തരത്തിലുള്ള വാർത്തകൾ തള്ളി പ്രതിരോധ മന്ത്രാലയം. വിവരങ്ങൾ ചോർന്നുവെന്ന തരത്തിലുള്ള മാധ്യമ റിപ്പോർട്ടുകൾ തെറ്റായതും അടിസ്ഥാനരഹിതവുമാണെന്ന് മന്ത്രാലയം വ്യക്തമാക്കി. ആരോപണങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഏജൻസികൾ സമഗ്രമായ അന്വേഷണം നടത്തിയതായും പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

*******************************************

## ROAD SAFETY

കേരളത്തിൽ അമിതവേഗവും അപകടങ്ങളും നിയന്ത്രിക്കാൻ സംസ്ഥാനത്ത് ദേശീയപാതകളിൽ എല്ലാ ദിവസവും 24 മണിക്കൂറും തുടർച്ചയായ എൻഫോഴ്സ്മെന്റ് സംവിധാനം ഏർപ്പെടുത്തുമെന്ന് ഗതാഗത മന്ത്രി സി.പി ജോൺ. ഇതിനായി കേരളത്തിലൂടെ കടന്നുപോകുന്ന ദേശീയപാതയെ ഏകദേശം നൂറ് കിലോമീറ്റർ വീതമുള്ള ആറ് എൻഫോഴ്സ്മെന്റ് മേഖലകളായി വിഭജിച്ച് ഓരോ മേഖലയിലും പ്രത്യേക എൻഫോഴ്സ്മെന്റ് സംഘങ്ങളെ വിന്യസിക്കുമെന്നും അദ്ദേഹം അറിയിച്ചു.

*******************************************

## RAIN-NORTH

തുടർച്ചയായി പെയ്യുന്ന മഴയിൽ ഒഡീഷയിലെ പ്രധാന നദികളിൽ ജലനിരപ്പ് ഉയർന്നു. മഹാനദിയിലും ബൈതരണിയിലും ജലനിരപ്പ് ക്രമാനുഗതമായി ഉയരുകയാണെന്നാണ് റിപ്പോർട്ട്. അതേസമയം, അസമിലെ പ്രളയ സാഹചര്യം മെച്ചപ്പെട്ടിട്ടുണ്ട്. ഛത്തീസ്ഗഢ്, കിഴക്കൻ മധ്യപ്രദേശ്, വിദർഭ എന്നിവിടങ്ങളിൽ അടുത്ത രണ്ട് ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഡൽഹി, ഹരിയാന, ചണ്ഡീഗഢ്, ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ ഈ മാസം 31 വരെ കനത്ത മഴയ്ക്കും സാധ്യതയുണ്ട്.

*******************************************

## IMD (INTRO)

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഏഴു ജില്ലകളിൽ ഇന്നു മഞ്ഞ ജാഗ്രത.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി.**

(വോയിസ്)

*******************************************

## NEW NT. CWG MEDALS

കോമൺവെൽത്ത് ഗെയിംസിൽ രണ്ട് സ്വർണ്ണവും ഏഴ് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ 12 മെഡലുകൾ നേടി ഇന്ത്യ പട്ടികയിൽ ഒമ്പതാം സ്ഥാനത്ത്. ഭാരോദ്വഹനത്തിൽ ഹർജീന്ദർ കൗറും പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിൽ ഗുൽവീർ സിംഗും വെള്ളി മെഡൽ നേടി. കോമൺവെൽത്ത് ഗെയിംസിൽ 10,000 മീറ്റർ ഓട്ടത്തിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരനാണ് ഗുൽവീർ

സിംഗ്. പുരുഷന്മാരുടെ 400 മീറ്റർ ഓട്ടത്തിൽ വിശാൽ ടി.കെ മികച്ച പ്രകടനത്തോടെ സെമിഫൈനലിലേക്ക് മുന്നേറി. ബോക്സിങ്ങിൽ പ്രിയ ഘംഗാസ്, പ്രീതി പവാർ , ജാദുമാനി സിംഗ് എന്നിവരും സെമിയിൽ കടന്നു.

*******************************************

## SHOOTING – ISSF

ചൈനയിൽ നടക്കുന്ന ഐഎസ്എസ്എഫ് ഷൂട്ടിംഗ് ലോകകപ്പ് മത്സരത്തിൽ 10 മീറ്റർ എയർ റൈഫിൾ മിക്സഡ് ടീം ഇനത്തിൽ ഇന്ത്യയുടെ സോനം ഉത്തം മസ്കറും ഹിമാൻഷു ധില്ലനും വെങ്കലം. ചൈനയുടെ ഒന്നും രണ്ടും ടീമുകൾ സ്വർണ്ണവും വെള്ളിയും നേടി. ഇതോടെ, ചാംപ്യൻഷിപ്പിൽ ഇന്ത്യക്ക് ഒരു സ്വർണ്ണം ഉൾപ്പെടെ നാല് മെഡലുകൾ ലഭിച്ചു.

*******************************************

## US IRAN WAR

യു.എസ് സേനയ്ക്കുനേരെ ഇറാൻ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപസിന്റെ ബാലിസ്റ്റിക് മിസൈൽ ആക്രമണം നടന്നതായി യു.എസ്. പടിഞ്ഞാറൻ ഏഷ്യൻ മേഖലയിൽ നിലയുറപ്പിച്ചിട്ടുള്ള സേനയ്ക്ക് നേരെയാണ് കഴിഞ്ഞ ദിവസം അപ്രതീക്ഷിത ഡ്രോൺ ആക്രമണങ്ങൾ ഉൾപ്പെടെ നടന്നതെന്ന് യു.എസ് സെൻട്രൽ കമാൻഡ് അറിയിച്ചു.

യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് , ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി കൂടിക്കാഴ്ച നടത്തി മണിക്കൂറുകൾക്ക് ശേഷമാണ് ആക്രമണം.

*******************************************

## TRUMP- MEETINGS

യുക്രൈൻ പ്രസിഡന്റ് വോളോഡിമിർ സെലൻസ്കി, ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു എന്നിവരുമായി യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് വൈറ്റ് ഹൗസിൽ കൂടിക്കാഴ്ച നടത്തി. വൈറ്റ് ഹൗസിലെ ഓവൽ ഓഫീസിലായിരുന്നു കൂടിക്കാഴ്ച. ഇറാന് എതിരെയുള്ള സംയുക്ത സൈനിക നടപടി ആരംഭിച്ച ശേഷം ട്രംപും നെതന്യാഹുവും തമ്മിൽ നടക്കുന്ന ആദ്യ കൂടിക്കാഴ്ചയാണിത്. യുക്രൈനെ സഹായിക്കാനുള്ള ശ്രമങ്ങൾക്കും അനുകൂലമായ കൂടിക്കാഴ്ചയ്ക്കും സെലൻസ്കി പ്രസിഡന്റ് ട്രംപിന് നന്ദി അറിയിച്ചു.

*******************************************

## FISHERIES DEPT

കേരളം ഉൾപ്പെടെയുള്ള എല്ലാ സംസ്ഥാനങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും മത്സ്യബന്ധന മേഖലയുടെ സമഗ്ര വികസനത്തിനായി ഫിഷറീസ് വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നതായി കേന്ദ്ര സർക്കാർ. മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും വേണ്ടിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ്, പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന , തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. മേഖലയുടെ ഉപജീവനമാർഗ്ഗവും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുക എന്നതാണ് സംരംഭങ്ങളുടെ ലക്ഷ്യമെന്നും സർക്കാർ വ്യക്തമാക്കി.

*******************************************

## SONOWAL- REVIEW MEETING

സംഘർഷ സാധ്യതയുള്ള മേഖലകളിലെ വാണിജ്യ കപ്പലുകളിൽ ജോലി ചെയ്യുന്ന ഇന്ത്യൻ നാവികരുടെ സുരക്ഷയും ക്ഷേമവും അവലോകനം ചെയ്ത് കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രി സർബാനന്ദ സോനോവാൾ. വിദേശകാര്യ മന്ത്രാലയം, ഡയറക്ടറേറ്റ് ജനറൽ ഓഫ് ഷിപ്പിംഗ് എന്നിവയിലെ ഉന്നത ഉദ്യോഗസ്ഥരുമായും ഒമാൻ, സൗദി

അറേബ്യ, ഇറാൻ, റഷ്യ, യുക്രൈൻ രാജ്യങ്ങളിലെ ഇന്ത്യൻ മിഷൻ തലവന്മാരുമായും കേന്ദ്ര മന്ത്രി ചർച്ച നടത്തി.

*******************************************

## GANPATI SPECIAL TRAINS

ഗണേശോത്സവത്തോടനുബന്ധിച്ച് ഭക്തരുടെ തിരക്ക് പരിഹരിക്കുന്നതിനായി 246 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുമെന്ന് സെൻട്രൽ റെയിൽവേ അറിയിച്ചു. സെപ്റ്റംബർ 11 മുതൽ 27 വരെയുള്ള ദിവസങ്ങളിലായിരിക്കും പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുക. മുംബൈ, പൂനെ എന്നിവിടങ്ങളിൽ നിന്ന് സാവന്ത്‌വാഡി റോഡ്, രത്നഗിരി, മഡ്‌ഗാവ് എന്നിവിടങ്ങളിലേക്ക് 184 റിസർവ്ഡ് സർവീസുകളും, ദിവാ-ഖേഡ് റൂട്ടിൽ 62 അൺറിസർവ്ഡ് സർവീസുകളുമാണ് ക്രമീകരിച്ചിരിക്കുന്നത്. റിസർവ്ഡ് ടിക്കറ്റുകളുടെ

ബുക്കിംഗ് ഓഗസ്റ്റ് 1 മുതൽ ആരംഭിക്കും.

***************************************************************************************

*******************************************